വീക്ഷണ വിശേഷം

പൂർണിമ എസ്. ത്രിപാഠി

# ഇസ്‌ലാമിക് ബാങ്കിംഗ്: കേന്ദ്ര സർക്കാറിൽ സമ്മർദമേറുന്നു

**9/11-നു ശേഷം എണ്ണ ഉൽപാദക രാജ്യങ്ങളിൽനിന്ന് 40 ട്രില്യൻ ഡോളർ ഇന്ത്യയിൽ നിക്ഷേപാവസരം കാത്തിരിക്കുകയാണെന്ന് ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അമേരിക്കയിൽ നിക്ഷേപം സുരക്ഷിതമല്ലാത്തതിനാലാണ് ഇന്ത്യയെ അവർ തെരഞ്ഞെടുക്കുന്നത്. നല്ല വളർച്ചാ നിരക്കും വൻ കമ്പോള സാധ്യതയുമാണ് ആകർഷിക്കപ്പെടാൻ കാരണം. യു.എസ് മാർക്കറ്റ് ഇന്റലിജൻസ് സ്ഥാപനമായ GRAIL റിസർച്ച് റിപ്പോർട്ട് ഉദ്ധരിച്ച് അബ്ദുർറഖീബ് പറഞ്ഞു.**

**ഇന്ത്യൻ** ജനസംഖ്യയുടെ 15 ശതമാനത്തോളം മുസ്‌ലിംകളാണെങ്കിലും 27 പൊതുമേഖലാ ബാങ്കുകളിലെ അക്കൗണ്ടുകളിൽ 12 ശതമാനമേ മുസ്‌ലിംകളുടേതായുള്ളൂ. ആറു ശതമാനം വരുന്ന മറ്റു പിന്നാക്ക വിഭാഗത്തിന്റേതാണ് മൊത്തം അക്കൗണ്ടിന്റെ എട്ടു ശതമാനവും. 2001 ഏപ്രിൽ ഒന്നു മുതൽ 2005 മാർച്ച് 31 വരെയുള്ള കണക്കാണിത്. അതേ കാലഘട്ടത്തിൽ 29 സ്വകാര്യ ബാങ്കുകളിൽ മുസ്‌ലിം സമുദായത്തിന്റെ പങ്കാളിത്തം 11 ശതമാനവും മറ്റു പിന്നാക്ക വിഭാഗത്തിന്റേത് 10.5 ശതമാനവുമാണ്. മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള രാജ്യത്തെ 44 ജില്ലകളിലെ സ്ഥിതി ഇതിലും പരിതാപകരമാണ്. 33 ശതമാനത്തിനു മുകളിൽ മുസ്‌ലിംകളുള്ള ഇവിടെ മൊത്തം ബാങ്ക് അക്കൗണ്ടുകളിൽ 21 ശതമാനമേ അവർക്കുള്ളൂ. രണ്ടു ശത

മാനം വരുന്ന മറ്റു പിന്നാക്കക്കാർക്ക് 5 ശതമാനം അക്കൗണ്ടുള്ളപ്പോഴാണിത്. സ്വകാര്യ ബാങ്കുകളിലാവട്ടെ മുസ്‌ലിംകൾക്ക് 20 ശതമാനം അക്കൗണ്ടുള്ളപ്പോൾ മറ്റു പിന്നാക്ക വിഭാഗക്കാരുടേത് 15 ശതമാനമാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽനിന്നാണ് ഈ പരാമർശങ്ങൾ.

മുസ്‌ലിംകൾ ബാങ്കിംഗ് മേഖലയിൽനിന്ന് അകന്നുനിൽക്കാനുള്ള കാരണവും കമ്മിറ്റി കണ്ടെത്തുന്നുണ്ട്. അക്കൗണ്ടുകളുടെ എണ്ണം മാത്രമല്ല അവയിലുള്ള നിക്ഷേപം, ബാങ്കിൽനിന്ന് സ്വീകരിക്കുന്ന വായ്പകൾ എന്നിവയുടെ കാര്യത്തിലും ഇതുതന്നെയാണവസ്ഥ. റിപ്പോർട്ട് അത് വിശദമാക്കുന്നു: "മുസ്‌ലിംകളുടെ ബാങ്ക് വായ്പകൾ, മുൻഗണനാ വായ്പകൾ എന്നിവ വളരെ കുറവും അപര്യാപ്തവുമാണ്. മറ്റു മതസമൂഹ ഗ്രൂപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ പൊതു, സ്വകാര്യ ബാങ്കുകളിൽനിന്നുള്ള വായ്പകളുടെ വലുപ്പത്തിലും വളരെ കുറവുണ്ട്. എസ്.ഐ.ഡി.ബി.ഐ, നബാർഡ് തുടങ്ങിയ പ്രത്യേക സ്ഥാപനങ്ങളിൽനിന്നുള്ള വായ്പകളും ഇങ്ങനെതന്നെ. 2001-ലെ സെൻസസ് അനുസരിച്ച് മുസ്‌ലിംകൾ തിങ്ങിത്താമസിക്കുന്നേടത്ത് ബാങ്കിംഗ് പങ്കാളിത്തം വളരെ കുറവാണ്. ധനകാര്യ മേഖലയിൽ നിന്നുള്ള മുസ്‌ലിംകളുടെ ഈ ഒഴിഞ്ഞുനിൽക്കൽ അവരുടെ വിദ്യാഭ്യാസ, സാമൂഹിക ഉന്നമനത്തെയും ദോഷകരമായി ബാധിക്കുന്നു." ബാങ്കിംഗ് മേഖല അഹിതകരമാണെന്ന വിശ്വാസപരമായ മനോഭാവമാണ് ഇതിന് കാരണമെന്നും കമ്മിറ്റി കൂട്ടിച്ചേർക്കുന്നു.

ഇത് തിരിച്ചറിഞ്ഞ കേന്ദ്ര ഗവൺമെന്റ് ശരീഅത്ത് നിയമങ്ങൾക്കനുസൃതമായ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കാനുള്ള ഗൗരവപൂർണമായ ആലോചനയിലാണ്. ഇസ്‌ലാമിക് ബാങ്കിംഗ് അഥവാ പലിശരഹിത ബാങ്കിംഗിനുള്ള ആവശ്യവും ഈയിടെയായി ധനകാര്യമേഖലയിൽ വർധിച്ചുവരികയാണ്. മുസ്‌ലിം ബുദ്ധിജീവികൾ, പാർലമെന്റംഗങ്ങൾ, ബാങ്കർമാർ, ഇസ്‌ലാമിക പണ്ഡിതന്മാർ എന്നിവർ അംഗങ്ങളായ ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫിനാൻസി (ഐ.സി.ഐ.എഫ്.ഐ)ന്റെ ഈ ദിശയിലുള്ള നീക്കങ്ങൾ പൊതുജന മുന്നേറ്റമായി മാറിക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിംകളുടെ ബാങ്കിംഗ് രംഗത്തുള്ള പിന്നാക്കാവസ്ഥ കണ്ടെത്തിയ രഘുറാം രാജൻ കമ്മിറ്റി റിപ്പോർട്ട് മറ്റൊരു ശുഭസൂചനയാണ്. നേരത്തെ ഐ.എം.എഫിലെ സാമ്പത്തിക വിദഗ്ധനും പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവുമായ രഘുറാം രാജൻ 2006-ൽ സമർപ്പിച്ച റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: "പലിശയിലധിഷ്ഠിതമായ സാമ്പത്തിക രീതികൾ ചില വിശ്വാസങ്ങൾക്കെതിരാണ്. പലിശരഹിത ബാങ്കിംഗ് സംവിധാനം ലഭ്യമല്ലാത്തതിനാലാണ് സാമ്പത്തിക പിന്നാക്കാവസ്ഥയിൽ നിൽക്കുന്നവരടക്കം നല്ലൊരു ശതമാനം ഇന്ത്യക്കാരും ബാങ്കിംഗ് മേഖലയിൽനിന്ന് വിട്ടുനിൽക്കാൻ കാരണം."

ഇസ്‌ലാം പലിശ വാങ്ങുന്നതും നൽകുന്നതും നിരോധിച്ചതിനാലാണ് മുസ്‌ലിംകൾ ബാങ്കിംഗ് ഇടപാടുകളിൽനിന്ന് പരമാവധി മാറിനിൽക്കുന്നത് എന്ന് ചുരുക്കം. ഇന്ത്യയിൽ പലിശരഹിത ബാങ്കിംഗ് ആരംഭിച്ചാൽ അത് സാമ്പത്തിക രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുമെന്നും അനുകൂല സാഹചര്യമില്ലാത്തതിനാൽ നിക്ഷേപിക്കപ്പെടാതെ കിടക്കുന്ന സമ്പത്ത് വിപണിയിലേക്കൊഴുകുമെന്നും ഐ.സി.എഫ്.ഐ കൺവീനർ എച്ച്. അബ്ദുർറഖീബ് പറയുന്നു. ഇത് എല്ലാവർക്കുമുള്ള ബാങ്കിംഗ് രീതിയാണ്. പ്രത്യേക സമുദായത്തിനുള്ളതല്ല. ഉയർന്ന പലിശ നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് പലിശരഹിത സ്ഥാപനങ്ങൾ പലിശയിൽനിന്നുള്ള മോചനമാർഗമായി മാറും. അപ്പോൾ എല്ലാവരും അതിനെ സ്വാഗതം ചെയ്യും.

യു.പി.എ സർക്കാർ ഇതിന്റെ നേട്ടങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. റിസർവ് ബാങ്കിനും

**കേന്ദ്ര ഗവൺമെന്റ് ശരീഅത്ത് നിയമങ്ങൾക്കനുസൃതമായ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കാനുള്ള ഗൗരവപൂർണമായ ആലോചനയിലാണ്. ഇസ്‌ലാമിക് ബാങ്കിംഗ് അഥവാ പലിശരഹിത ബാങ്കിംഗിനുള്ള ആവശ്യവും ഈയിടെയായി ധനകാര്യമേഖലയിൽ വർധിച്ചുവരികയാണ്. മുസ്‌ലിം ബുദ്ധിജീവികൾ, പാർലമെന്റംഗങ്ങൾ, ബാങ്കർമാർ, ഇസ്‌ലാമിക പണ്ഡിതന്മാർ എന്നിവർ അംഗങ്ങളായ ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫിനാൻസി (ഐ.സി.ഐ.എഫ്.ഐ)ന്റെ ഈ ദിശയിലുള്ള നീക്കങ്ങൾ പൊതുജന മുന്നേറ്റമായി മാറിക്കൊണ്ടിരിക്കുകയാണ്.**



അബ്ദുർറഖീബ്



അസദുദ്ദീൻ ഉവൈസി

അനുകൂല മനോഭാവമാണുള്ളത്. 2005 ഏപ്രിൽ - ജൂൺ മാസത്തെ ആർ.ബി.ഐ ലീഗൽ ന്യൂസ് ആന്റ് വ്യൂസിൽ പലിശരഹിത ബാങ്കിംഗ് രീതിയുടെ ഗുണങ്ങൾ വിശദീകരിക്കുന്നുണ്ട്. ലോകം മുഴുവൻ സ്വീകരിക്കുന്ന ഈ സമ്പ്രദായം ഇന്ത്യക്കും അപ്രാപ്യമല്ല എന്നാണ് ഉള്ളടക്കം. ഈ റിപ്പോർട്ടിൽ നിലവിലുള്ള സാഹചര്യം ഇങ്ങനെ വിശദീകരിക്കുന്നു:

"രാജ്യത്ത് ആയിരക്കണക്കിന് കോടി രൂപയുടെ പലിശ, വിശ്വാസികൾ അവകാശപ്പെടാത്തതിനാൽ ബാങ്കുകളിൽ കെട്ടിക്കിടക്കുന്നുണ്ട്. മുസ്‌ലിംകളുടെ നിയന്ത്രണത്തിൽ 1.5 ട്രില്യൻ ഡോളറിന്റെ ആസ്തിയുണ്ട്. വർഷം ഇത് 15 ശതമാനം കണ്ട് വർധിച്ചുവരുന്നു. കേരളത്തിൽ മാത്രം ഇത് 40000 കോടിക്ക് മുകളിലുണ്ട്. ചില പഠനങ്ങൾ കാണിക്കുന്നത് മുസ്‌ലിംകളുടെ പണം വൻതോതിൽ നിക്ഷേപിക്കപ്പെടാതെ നിശ്ചലമായി കിടക്കുന്നു എന്നാണ്. ഇവ ലാഭനഷ്ടപങ്കാളിത്തത്തോടെ നിക്ഷേപിക്കുകയും നന്നായി ഉപയോഗപ്പെടുത്തുകയുമാണെങ്കിൽ സമ്പദ്‌വ്യവസ്ഥക്ക് ഏറെ വളർച്ചാദായകമായിരിക്കും." ചില ബാങ്കുകളിൽ പരീക്ഷണാടിസ്ഥാനത്തിലെങ്കിലും പലിശരഹിത ബാങ്കിംഗ് ജാലകങ്ങൾ തുടങ്ങാനും റിപ്പോർട്ട് നിർദേശിക്കുന്നു.

യു.പി.എ സർക്കാർ സമഗ്ര വളർച്ച എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി 2005-ൽ ഇതുസംബന്ധമായ റിപ്പോർട്ട് ആർ.ബി.ഐയിൽനിന്ന് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ആനന്ദ് സിൻഹയുടെ അധ്യക്ഷതയിൽ ആർ.ബി.ഐ ഒരു കമ്മിറ്റിയെ നിയോഗിച്ചു. നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്താതെ ഇസ്‌ലാ

മിക് ബാങ്കിംഗ് സാധ്യമല്ല എന്നായിരുന്നു കമ്മിറ്റി നൽകിയ റിപ്പോർട്ട്. വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ബാങ്കുകൾക്കും ഇസ്‌ലാമിക് ബാങ്കിംഗ് ആരംഭിക്കുന്നത് ലാഭകരമാവില്ല എന്നും കമ്മിറ്റി കണ്ടെത്തുകയുണ്ടായി.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യാനും മുറവിളിയുണ്ടായി. കഴിഞ്ഞ സെപ്റ്റംബർ 11-ന് ആർ.ബി.ഐ ഡെപ്യൂട്ടി ഗവർണർ ഡോ. കെ.സി ചക്രവർത്തിയെ സന്ദർശിച്ച ഐ.സി.ഐ.എഫ് പ്രതിനിധി സംഘം ഇതുമായി ബന്ധപ്പെട്ട നിവേദനം സമർപ്പിച്ചിരുന്നു. ലണ്ടനും സിങ്കപ്പൂരിനും ഹോങ്കോംഗിനും ടോക്കിയോവിനും ഇസ്‌ലാമിക് ഫിനാൻസിന്റെ കേന്ദ്രങ്ങളാവാമെങ്കിൽ എന്തുകൊണ്ട് മുംബൈക്കും കൊച്ചിക്കും പറ്റില്ല എന്ന് പ്രസ്തുത റിപ്പോർട്ട് ചോദിക്കുന്നു.

ഇസ്‌ലാമിക് ബാങ്കിംഗ് സമീപഭാവിയിൽതന്നെ യാഥാർഥ്യമാവും എന്നാണ് സൂചന. ഒരു ആർ.ബി.ഐ ഉദ്യോഗസ്ഥന്റെ ഇതുസംബന്ധമായ പ്രതികരണം ഇങ്ങനെയായിരുന്നു: “മറ്റു നിർദേശങ്ങളോടൊപ്പം ഇസ്‌ലാമിക് ബാങ്കിംഗ് നിർദേശങ്ങളും ഉൾപ്പെടുത്തി സമഗ്രമായ പരിഷ്കരണം ബാങ്കിംഗ് മേഖലയിൽ വരുത്തുന്നതിനെക്കുറിച്ച് പഠിച്ചുവരികയാണ്.” ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷനും ഇതിനനുകൂലമായാണ് പ്രതികരിച്ചത്. 2007 ആഗസ്റ്റിൽ ഒരു അന്താരാഷ്ട്ര സമ്മേളനത്തിൽ ഐ.ബി.എ മുൻ ചെയർമാൻ എം.ബി.എൻ റാവു പറഞ്ഞത് ഇസ്‌ലാമിക് ബാങ്കിംഗിന് സമയമായി എന്നാണ്.

മുസ്‌ലിം എം.പിമാരും ഇസ്‌ലാമിക് ബാങ്കിംഗ് വിദഗ്ധരും വിശ്വസിക്കുന്നത് പരിഷ്കരണം ഉടൻ വരുമെന്നു തന്നെയാണ്. പ്രധാനമന്ത്രി മൻമോഹൻ സിംഗ് വ്യക്തിപരമായി ഇതിനനുകൂലമാണ്. രാജ്യസഭാ ഉപാധ്യക്ഷൻ റഹ്മാൻ ഖാനോട് എം.പിമാരുടെ ഇതുസംബന്ധമായി അഭിപ്രായം സ്വരൂപിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടുകയുണ്ടായി. നിലവിലെ നിയമങ്ങൾ കാര്യമായി മാറ്റാതെ ഇസ്‌ലാമിക് ബാങ്കിംഗ് ആരംഭിക്കാൻ കഴിയും എന്നാണ് എം.പിമാർ നിർദേശിച്ചത്. പൂർണ രീതിയിലുള്ള ബാങ്കിംഗ് നടപ്പാക്കുന്നതിന് മുമ്പ് പരീക്ഷണമായി നടപ്പാക്കാനുള്ള ഒരു മാതൃകയും സമർപ്പിച്ചു. മലേഷ്യയിലെ തബുംഗ് ഹാജി മാതൃകയിൽ ഹജ്ജ് തീർഥാടന സൗകര്യമൊരുക്കുന്നതിനുള്ള കോർപറേഷൻ രൂപവത്കരിക്കുക എന്നതാണ് ഈ നിർദേശം. 2006-ൽ റഹ്മാൻ ഖാൻ പ്രധാനമന്ത്രിയുടെ മുമ്പിൽ ഈ നിർദേശം സമർപ്പിച്ചിരുന്നു. മുസ്‌ലിംകളുടെ സമ്പാദ്യം സ്വരൂപിച്ച് ഹജ്ജിന് സൗകര്യമൊരുക്കുക, അധികതുക നിക്ഷേപിക്കുക, ഹജ്ജിന്റെ അടിസ്ഥാന സൗകര്യങ്ങൾ കാര്യക്ഷമമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കോർപറേഷൻ പ്രവർത്തിക്കുക. ക്രമേണ ഹജ്ജ് സബ്സിഡി ഒഴിവാക്കാമെന്നും ഈ നിർദേശത്തിന്റെ ഗുണമായി എടുത്തുപറയുന്നു. സർക്കാർ സഹായത്തോടെ ഹജ്ജ് നിർവഹിക്കുന്നതിൽ മിക്ക മുസ്‌ലിംകളും സംതൃപ്തരല്ലത്രെ.

ഇത്തരമൊരു സ്ഥാപനത്തിന്റെ നേട്ടങ്ങൾ കമ്മിറ്റി ഇങ്ങനെ വിവരിക്കുന്നു: ‘ഹജ്ജ്കമ്മിറ്റിയുടെ നിലവിലെ ഘടന ഇതിന് അനുവദിക്കുന്നില്ല. തബുംഗ് ഹാജി മാതൃക പ്രകാരം സമ്പാദ്യം സ്വരൂപിച്ച് ശരീഅത്ത് നിയമങ്ങൾക്കനുസൃതമായി നിക്ഷേപിക്കാം. ഹജ്ജുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനരംഗത്തും നിക്ഷേപിക്കാം. വിമാനം വാടകക്കെടുക്കൽ, താമസസൗകര്യം എന്നിവ ഉദാഹരണം. ഇതുവഴി ചെലവ് കുറക്കാം. പ്രധാനമന്ത്രി ക്യാബിനറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതിയെ ഇത് പഠിക്കാൻ നിയോഗിക്കുകയുണ്ടായി. റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. ഇത് ആരംഭിക്കാനായാൽ പരീക്ഷണമെന്ന നിലയിൽ വിജയകരമാ

**9/11-നു ശേഷം എണ്ണ ഉൽപാദക രാജ്യങ്ങളിൽനിന്ന് 40 ട്രില്യൻ ഡോളർ ഇന്ത്യയിൽ നിക്ഷേപാവസരം കാത്തിരിക്കുകയാണെന്ന് ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അമേരിക്കയിൽ നിക്ഷേപം സുരക്ഷിതമല്ലാത്തതിനാലാണ് ഇന്ത്യയെ അവർ തെരഞ്ഞെടുക്കുന്നത്. നല്ല വളർച്ചാ നിരക്കും വൻ കമ്പോള സാധ്യതയുമാണ് ആകർഷിക്കപ്പെടാൻ കാരണം. യു.എസ് മാർക്കറ്റ് ഇന്റലിജൻസ് സ്ഥാപനമായ GRAIL റിസർച്ച് റിപ്പോർട്ട് ഉദ്ധരിച്ച് അബ്ദുർറഖീബ് പറഞ്ഞു.**



റഹ്മാൻഖാൻ

യിരിക്കുമെന്ന് റഹ്മാൻ ഖാൻ പറഞ്ഞു.

150 മില്യൻ മുസ്‌ലിംകൾ ഇന്ത്യയിലുണ്ട്. 10 ശതമാനം പേർ അംഗങ്ങളായാൽ 15 മില്യൻ നിക്ഷേപകരുണ്ടാവും. ഒരാൾ 25000 രൂപ ശരാശരി നിക്ഷേപിച്ചാൽ 30000 കോടി രൂപ മൂന്നു മുതൽ അഞ്ചു വർഷത്തിനിടെ സ്വരൂപിക്കാം. ഇന്ത്യയിലെ മുസ്‌ലിംകളുടെ മുഖഛായതന്നെ മാറ്റാൻ ഇത് പര്യാപ്തമാണ്. 15 മില്യൻ മാത്രം മുസ്‌ലിംകളുള്ള ചെറിയ രാജ്യമായ മലേഷ്യയിൽ വിജയിക്കുമെങ്കിൽ എന്തുകൊണ്ട് ഇന്ത്യയിൽ പറ്റില്ല? റഹ്മാൻ ഖാൻ ചോദിക്കുന്നു. താൻ സമീപിച്ച എം.പിമാരും ഉദ്യോഗസ്ഥരും ഇതിനനുകൂലമാണെന്നും നിർദേശങ്ങൾ നടപ്പാക്കുകയെന്നത് സമയത്തിന്റെ മാത്രം പ്രശ്നമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ഇതു സംബന്ധമായ സ്വകാര്യബിൽ അവതരിപ്പിച്ച് അംഗീകാരം നേടാനും ശ്രമമുണ്ട്. അസദുദ്ദീൻ ഉവൈസി (മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീൻ) ആണ് ഇതിന് മുൻകൈയെടുക്കുന്നത്. പാർട്ടികൾക്കതീതമായി സംസാരിച്ച മുഴുവൻ എം.പിമാരും പിന്തുണ അറിയിച്ചതായി അദ്ദേഹം പറഞ്ഞു. "ഇതിനെ ഇസ്‌ലാമിന്റെ കണ്ണിലൂടെ കാണേണ്ട കാര്യമില്ല. വളരെ അനിവാര്യമായ പുതിയ ബാങ്കിംഗ് രീതിയായി കണക്കാക്കിയാൽ മതി"- അദ്ദേഹം പറഞ്ഞു.

പലിശ നിഷിദ്ധമായതിനാൽ നിരവധി മുസ്‌ലിംകൾ പലിശ സ്വീകരിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. "സെക്യുലർ രാജ്യങ്ങളായ യു.കെ, യു.എസ്.എ, മലേഷ്യ, സിംഗപ്പൂർ, ജപ്പാൻ, ഇന്തോനേഷ്യ എന്നിവിടങ്ങളിലും ഇസ്‌ലാമിക് ബാങ്കിംഗ് വിജയകരമായി നടപ്പാക്കപ്പെടുന്നില്ലേ. എന്തുകൊണ്ട് ഇന്ത്യയിൽ മാത്രം പറ്റില്ല?"- അദ്ദേഹം ചോദിച്ചു.

ഡി.എം.കെ എം.പിയും മുൻ ബാങ്കറുമായ അബ്ദുർറഹ്മാന്നും ഇതുതന്നെയാണ് പറയാനുള്ളത്. ഇതിനെ ഇസ്‌ലാമിന്റെ കണ്ണിലൂടെ നോക്കേണ്ടതില്ല. പലിശരഹിത നിക്ഷേപ സംവിധാനങ്ങൾ ഇപ്പോൾതന്നെ രാജ്യത്ത് ലഭ്യമാണ്. മുസ്‌ലിംകൾക്ക്

ഇത് കൂടുതൽ പ്രയോജനപ്പെടുന്നു എന്നു മാത്രം. മറ്റു രാജ്യങ്ങളിൽ ഇസ്‌ലാമിക് ഫിനാൻസ് സ്ഥാപനങ്ങളിലെ ഇടപാടുകാരിൽ നല്ലൊരു ശതമാനവും അമുസ്‌ലിംകളാണ്. പലിശരഹിത ബാങ്കിംഗ് സംവിധാനം മുസ്‌ലിംകളുടെ സമ്പാദ്യം മുഖ്യധാരാ സ്ഥാപനങ്ങളിലെത്താൻ സഹായകമാവും. ലാഭനഷ്ട പങ്കാളിത്താടിസ്ഥാനത്തിൽ ബാങ്കുകളിൽനിന്ന് പണം സ്വീകരിക്കാനും കഴിയും. അത് അവരുടെ സാമൂഹിക സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തും.

"ആയിരക്കണക്കിന് കോടി രൂപയാണ് രാജ്യത്താകമാനം പലിശയിനത്തിൽ അവകാശപ്പെടാതെ കിടക്കുന്നത്. ഇവ ഉപയോഗപ്പെടുത്തുന്നതിന് നടപടിയെടുക്കാൻ സർക്കാറിനേ കഴിയൂ. അത് സമൂഹപുരോഗതിക്ക് ഉപയോഗപ്പെടുത്തിയാൽ സമൂഹത്തിന്റെ മുഖംതന്നെ മാറും" - അബ്ദുർറഖീബ് പറഞ്ഞു. മാത്രമല്ല വിദേശത്തുനിന്ന് വൻതോതിൽ നിക്ഷേപം ആകർഷിക്കാനും കഴിയും.

9/11-നു ശേഷം എണ്ണ ഉൽപാദക രാജ്യങ്ങളിൽനിന്ന് 40 ട്രില്യൻ ഡോളർ ഇന്ത്യയിൽ നിക്ഷേപാവസരം കാത്തിരിക്കുകയാണെന്ന് ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അമേരിക്കയിൽ നിക്ഷേപം സുരക്ഷിതമല്ലാത്തതിനാലാണ് ഇന്ത്യയെ അവർ തെരഞ്ഞെടുക്കുന്നത്. നല്ല വളർച്ചാ നിരക്കും വൻ കമ്പോള സാധ്യതയുമാണ് ആകർഷിക്കപ്പെടാൻ കാരണം. യു.എസ് മാർക്കറ്റ് ഇന്റലിജൻസ് സ്ഥാപനമായ GRAIL റിസർച്ച് റിപ്പോർട്ട് ഉദ്ധരിച്ച് അബ്ദുർറഖീബ് പറഞ്ഞു. ഇസ്‌ലാമിക് ബാങ്കിംഗ് അനുവദിച്ചാൽ വളർന്നുകൊണ്ടിരിക്കുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥക്ക് അത് എന്തുകൊണ്ടും അനുയോജ്യമായിരിക്കും.

രാഷ്ട്രീയ പാർട്ടികളിലും ഇതിനനുകൂലമായ മാറ്റങ്ങൾ പ്രകടമാണ്. സി.പി.എം, സമാജ്‌വാദി പാർട്ടി, രാഷ്ട്രീയ ജനതാദൾ, എൻ.സി.പി, ഡി.എം.കെ തുടങ്ങിയ പ്രമുഖ കക്ഷികൾ ഇസ്‌ലാമിക് ബാങ്കിംഗിന് അനുകൂലമാണ്. ■

(*ഫ്രണ്ട്‌ലൈൻ* 2009 ഒക്ടോബർ-10-23)

വിവ: **മുഹമ്മദ് പാലത്ത്**